FRIDAY 27-05-2022 വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/05/2022.

1. വിപണിയിലെ പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു തുടങ്ങിയതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. അമിത വിലയുള്ള പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കും. വിപണിയിൽ ഇത്തരത്തിൽ പ്രതിസന്ധി ഉണ്ടാകുന്ന അവസരങ്ങളിൽ ഉടനടി വിപണി ഇടപെടലുകൾ നടത്തി വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് ഒരു സ്പെഷ്യൽ ഫണ്ട് രൂപീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തി. വിപണിയിലെ പ്രതിസന്ധികൾ ഒഴിവാക്കുന്നതിനുള്ള ഏക മാർഗ്ഗം എല്ലാവരും സ്വന്തമായി കൃഷി ചെയ്യുക എന്നത് മാത്രമാണെന്നും മറ്റെല്ലാം തന്നെ താൽക്കാലിക പരിഹാരമാർഗ്ഗങ്ങളായിരിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ഈ ഉദ്ദേശം മുന്നിൽ കണ്ടുകൊണ്ട് കൃഷി വകുപ്പ് ആരംഭിച്ച **'ഞങ്ങളും കൃഷിയിലേക്ക്'** എന്ന പദ്ധതി പ്രകാരം പ്രാദേശികമായി പച്ചക്കറികൾ കൂടുതൽ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും മറ്റു നടപടികളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഓണക്കാലത്തേക്കുള്ള പച്ചക്കറി ഉത്പാദനത്തിന് ഇപ്പോൾ തന്നെ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു. കൃഷി വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ, ഹോർട്ടികോർപ്പ്, വി എഫ് പി സി കെ എന്നിവരുടെ സംയുക്ത യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

2. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 31-നകം (മേയ് 31) ചേർക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വെണ്ട, തക്കാളി, വഴുതന, പാവൽ, കറിവേപ്പ്, പുതിന, വള്ളി ചീര, മുരിങ്ങ (അനുപമ) എന്നിവയുടെ തൈകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

4. സിറ്റി കോർപ്പറേഷൻ കൃഷിഭവൻ പരിധിയിലെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത പി. എം കിസാൻ ഗുണഭോക്താക്കളായ കർഷകർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ലാൻഡ് വെരിഫിക്കേഷനു വേണ്ടി പാളയം സാഫല്യം കോപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2320942** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479–2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 31 (മേയ് 31) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും** ഈ മാസം 30-ന് (മെയ് 30) ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ജൂൺ 2-ന് **മുട്ടക്കോഴി വളർത്തൽ** എന്ന എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി

കൊണ്ടുവരേണ്ടതാണ്. താത്പര്യമുള്ളവർ **0491–2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. കേരള കാർഷിക സർവകലാശാലയിലെ കാർഷിക ദുരന്തനിവാരണ സെല്ലും, ഗ്രാമീണ കൃഷി മൗസം സേവ തൃശ്ശൂരും സംയുക്തമായി മഴക്കാലത്തെ കാർഷിക വിളപരിപാലനത്തിനും, മൃഗസംരക്ഷണത്തിനുമായി കർഷകർക്കു നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു

1) പൊതുനിർദേശങ്ങൾ: കൃഷിസ്ഥലങ്ങളിൽ, പ്രതേകിച്ച് നെൽപാടങ്ങളിൽ വെള്ളക്കെട്ടുണ്ടെങ്കിൽ മതിയായ നീർവാർച്ചാസൗകര്യങ്ങളും, മണ്ണുസംരക്ഷണമാർഗ്ഗങ്ങളും ഉറപ്പാക്കുക

2) മഴക്കാലവിളകൾക്കുള്ള നിർദേശങ്ങൾ :

തുടർച്ചയായ മഴമൂലം അന്തരീക്ഷത്തിലെ ഈർപ്പം കൂടുന്നതിനാൽ കാർഷികവിളകൾക്ക് വിവിധ കുമിൾ രോഗ ബാധകളുണ്ടാകാനുള്ള സാധ്യതകളുണ്ട്. ഓരോ വിളകൾക്കുമുള്ള മഴക്കാലപരിചരണമാർഗങ്ങൾ താഴെ ചേർക്കുന്നു.

a) തെങ്ങ് : തെങ്ങിന്റെ തടം തുറക്കുക. കൂമ്പ് ചീയൽ രോഗം വരാതിരിക്കാൻ മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ മണ്ടയിൽ നല്ലവണ്ണം വീഴത്തക്കവണ്ണം കുളിർക്കെ തളിച്ചുകൊടുക്കുക.

b) വാഴ : ശക്തമായ കാറ്റത്തും, മഴയത്തും വാഴകൾ വീണുപോകാതിരിക്കാനാവശ്യമായ താങ്ങുകാലുകൾ നൽകുക. വാഴയിലെ ഇലപ്പുള്ളിരോഗം വരാതിരിക്കാനുള്ള മുൻകരുതലായി സ്യൂഡോമോണാസ് ലായനി (ഒരു ലിറ്റർ വെള്ളത്തിൽ ഇരുപതുഗ്രാം സ്യൂഡോമോണാസ് എന്നതോതിൽ ലയിപ്പിച്ച് തയ്യാറാക്കാം) വാഴയിൽ കുളിർക്കെ തളിക്കുക. രോഗം ബാധിച്ച ഇലകൾ ഉടനടി വെട്ടിമാറ്റി മണ്ണിൽ കുഴിച്ചു മൂടുകയോ, കുമിൾ നാശിനി തളിച്ചു നശിപ്പിക്കുകയോ ചെയ്യുന്നതുവഴി രോഗം ഒരുപരിധിവരെ പടരാതെ നോക്കാം. ഒരു മില്ലി. ഹെക്സാകോണാസോൾ അല്ലെങ്കിൽ ഒരു മില്ലി പ്രോപ്പി കോണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് രോഗം ബാധിച്ച വാഴകളുടെ ഇലകളുടെയടിയിൽ പതിയത്തക്കവണ്ണം കുളിർക്കെ തളിക്കുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാഴയുടെ മാണ അഴുകൽ രോഗം വരാതിരിക്കാനുള്ള മുൻകരുതലായി മൂന്നു ലിറ്റർ സൂഡാമോണാസ് ലായനി ഒരു വലിയ വാഴക്കെന്ന തോതിൽ തടത്തിൽ ഒഴിച്ചുകൊടുക്കുക.

c) കുരുമുളക് : ദ്രുത വാട്ടരോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. രണ്ടാഴ്ച ഇടവേളയ്ക്കുശേഷം മാത്രം സൂഡാമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുക. കൂടാതെ ചെടിയുടെ വളർച്ചക്കനുസരിച്ച് ഓരോ കുരുമുളകുവള്ളിയുടെയും ചുവട്ടിലും രïര മുതൽ അഞ്ചു കിലോഗ്രാം വീതം ട്രൈക്കോഡെർമ്മ സമ്പുഷ്ട്ട ചാണകവളം ഇട്ടുകൊടുത്ത് മണ്ണിൽ നല്ലവണ്ണം ഇളക്കി ചേർക്കുക. (ഒരു കിലോഗ്രാം ട്രൈക്കോഡെർമയും, 10 കിലോഗ്രാം വേപ്പിൻപിണ്ണാക്കും, 90 കിലോഗ്രാം ചാണകപ്പൊടിയും ചേർത്ത് തയ്യാറാക്കിയ മിശ്രിതം നേരിയ ഈർപ്പം നിലനിർത്തക്കവണ്ണം രണ്ടാഴ്ച്ചത്തേക്ക് തണലത്തു വച്ച് ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകവളം തയ്യാറാക്കാം)

d) ജാതി: ഇലപൊഴിച്ചിൽ രോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. രണ്ടാഴ്ചക്കുശേഷം മാത്രം സൂഡാമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുക. കൂടാതെ ട്രൈക്കോ ഡെർമ സമ്പുഷ്ട്ട ചാണകം വളർച്ചക്കനുസരിച്ച് ഓരോ ജാതിച്ചെടിയുടെയും ചുവട്ടിൽ രണ്ടര മുതൽ അഞ്ചു കിലോഗ്രാം വീതം ഇട്ടുകൊടുത്ത് മണ്ണിൽ നല്ലവണ്ണം ഇളക്കി ചേർക്കുക.

e) ഇഞ്ചി, മഞ്ഞൾ: വിളകളിൽ മൂടുചെയൽ രോഗത്തിനു മുൻകരുതലായി സൂഡാമോണാസ് ലായനിയിൽ മുക്കി നടുകയോ, സ്യൂഡോമോണാസ് ലായനി തടത്തിലൊഴിച്ചു കൊടുക്കുകയോ ചെയ്യുക.

f) പയറിന്റെ കരിവള്ളികേടിനു മുൻകരുതലായി സ്യൂഡാമോണാസ് ലായനി തളിച്ചു കൊടുക്കുകയോ, അല്ലെങ്കിൽ രണ്ടരഗ്രാം കോപ്പർ ഓക്സിക്ളോറൈഡ് ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുകയോ ചെയ്യുക.

g) വെള്ളരിവർഗ്ഗ പച്ചക്കറികളിലെ മൃദുരോമ പൂപ്പ് രോഗത്തെ നിയന്ത്രിക്കാൻ രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ കലക്കി ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം തളിക്കുക.

3) മൃഗ സംരക്ഷണത്തിനുള്ള നിർദേശങ്ങൾ:

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കന്നുകാലിതൊഴുത്തും, പരിസരപ്രദേശങ്ങളും വെള്ളകെട്ടില്ലാതെ വൃത്തിയായി സംരക്ഷിക്കുന്നതുവഴി കന്നുകാലികളിൽ കാണുന്ന മഴക്കാലരോഗങ്ങൾ നിയന്ത്രിക്കാനാകും. കൂടാതെ കൊതുകു മുട്ടയിട്ടു പെരുകുന്നത് നിയന്ത്രിക്കാം. ചാണക കുഴികളിൽ മഴവെള്ളം നേരിട്ടു വീഴാതെ മൂടിവയ്ക്കുക. കാലിതീറ്റ പൂപ്പൽ വരാതിരിക്കാൻ വെയിലുള്ളപ്പോൾ ഉണക്കി മരത്തടിയുടെ മുകളിൽ വച്ചു സൂക്ഷിക്കുക. കോഴിക്കൂടുകൾ എപ്പോഴും ഈർപ്പരഹിതമാക്കി വയ്ക്കുന്നതു വഴി മഴക്കാലരോഗങ്ങളിൽ നിന്നും സംരക്ഷണം നൽകാം. കൂട്ടിൽ പുതിയ അറക്കപ്പൊടി ഉപയോഗിക്കുക. പഴയ അറക്കപ്പൊടി ഇടക്ക് ഇളക്കികൊടുക്കുക. പക്ഷി-മൃഗാധികൾക്ക് രോഗാണുവിമുക്തമാക്കിയ ശുദ്ധജലം ധാരാളം കുടിക്കാൻ കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം